**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **01-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാതാ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ദേശീയപാതാ വികസനം കഴിഞ്ഞ ആറു വര്‍ഷത്തിനിടെ ഏറ്റവും മന്ദഗതിയില്‍ ആണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കല്‍ നടത്താത്തതിനെ തുടര്‍ന്ന് 2013 ല്‍ NHAI ദേശീയപാതാ വികസന പദ്ധതിയില്‍ നിന്നും സംസ്ഥാനത്തെ ഡീ- നോട്ടിഫൈ ചെയ്ത സാഹചര്യമായിരുന്നു ഉണ്ടായത്. അതിന് ശേഷം ദേശീയപാതാ വികസനം സാധ്യമാക്കിയത് 2016 ല്‍ അധികാരത്തില്‍ വന്ന എല്‍.ഡി.എഫ്. സര്‍ക്കാരാണ്. 2016ല്‍ പുതിയ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ജൂണ്‍ 15ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തില്‍ ദേശീയപാതാ വികസനത്തിന്റെ യോഗം ചേര്‍ന്നു. പിന്നീട് പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി എന്നിവരെ നിരന്തരം സന്ദര്‍ശിച്ച് ശ്രീ മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്‍ കേരളത്തില്‍ ദേശീയപാതാ വികസനം സാധ്യമാക്കാനുള്ള ശ്രമങ്ങള്‍ നടത്തി. 2019 ജൂണ്‍ 15ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തില്‍ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ശ്രീ. നിധിന്‍ ഗഡ്കരി വിളിച്ചുചേര്‍ത്ത യോഗത്തില്‍ സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിക്കണമെന്ന നിലപാട് ദേശീയപാതാ അതോറിറ്റി സ്വീകരിച്ചു. കേരളത്തില്‍ തിരിച്ചെത്തിയ മുഖ്യമന്ത്രി ജൂണ്‍ 19ന് ഉന്നതതലയോഗം വിളിച്ച് ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനുള്ള തീരുമാനമെടുത്തു. ഇക്കാര്യം കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. പിന്നീട് കേന്ദ്ര ഉത്തരവ് വൈകുന്ന ഘട്ടത്തിലും മുഖ്യമന്ത്രി ഇടപെട്ടു. ഇങ്ങനെ ദേശീയപാത 66 കടന്നു പോകുന്ന മഹാരാഷ്ട്ര, കര്‍ണാടക, തമിഴ്നാട് സംസ്ഥാനങ്ങളില്‍ നിന്നും വ്യത്യസ്തമായി കേരളം ഫണ്ട് ചെലവഴിക്കാന്‍ തീരുമാനിച്ചതോടെയാണ് |

| | | | |
|---|---|---|---|
| | | | ദേശീയപാതാ വികസനം സാധ്യമാകുന്നത്. സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ദേശീയപാത 66 ന്റെ വികസന പ്രവർത്തിക്ക് തുടക്കം കുറിച്ചു. 5580.73 കോടി രൂപയാണ് ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കുവാൻ കേരളം കൈമാറിയത്. കേരളം രൂപീകരിച്ചതിനു ശേഷമുള്ള ഏറ്റവും വലിയ ദേശീയപാതാ വികസനമാണ് ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ കേരളത്തിലെ ദേശീയപാതാ വികസന പ്രവർത്തനങ്ങളിലെ പുരോഗതി ദേശീയ മാധ്യമങ്ങൾ അടക്കം പ്രശംസിച്ചിട്ടുണ്ട്. ദേശീയപാത 66ൽ 4 പദ്ധതികൾ ഇതിനോടകം പൂർത്തിയായി കഴിഞ്ഞു.രണ്ട് പദ്ധതികൾ അന്തിമഘട്ടത്തിലാണ്. 17 പദ്ധതികൾ വേഗത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അരൂർ-തുറവൂർ സ്ട്രെച്ചിൽ എലവേറ്റഡ് ഹൈവേ നിർമാണവും ആരംഭിച്ചു. ഇടപ്പള്ളി-അരൂർ എലവേറ്റഡ് ഹൈവേയ്ക്കുള്ള സാധ്യത ദേശീയപാത അതോറിറ്റി പരിശോധിക്കുകയാണ്.<br><br>കേരളത്തിൻറെ മുഖച്ഛായ മാറ്റുന്ന തരത്തിൽ ദേശീയപാത പ്രവർത്തി പുരോഗമിക്കുകയാണ്. പ്രവൃത്തി പൂർത്തിയായ ഇടങ്ങളിൽ ഗതാഗതവും അനുവദിച്ചു തുടങ്ങി. ദേശീയപാതാ പ്രവൃത്തി പരിശോധിക്കുന്നതിന് പൊതുമരാമത്ത് മന്ത്രി അധ്യക്ഷനായി നിശ്ചിത ഇടവേളകളിൽ മിഷൻ 2025 അവലോകനയോഗങ്ങൾ നടത്താറുണ്ട്. മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സംഘം നേരിട്ടെത്തി പ്രവൃത്തി വിലയിരുത്തുകയും ചെയ്യുന്നു. ഇതോടൊപ്പം വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് മുഖ്യമന്ത്രി/ ചീഫ് സെക്രട്ടറി തലത്തിലും പ്രത്യേക യോഗങ്ങൾ ചേരാറുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ ഏകോപിതമായി നടത്തുന്നുണ്ട്. |
| (ബി) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി 2022-ൽ പ്രഖ്യാപിച്ച ഒരു പദ്ധതി പോലും ടെണ്ടർ ചെയ്യുവാനോ നിർമ്മാണം തുടങ്ങുവാനോ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പദ്ധതിയിൽ എൻ.എച്ച് 85 ന്റെ കി.മീ. 0+000 - 124+636 to 2L/2L+PS സെക്ഷൻ വരെയുള്ള സ്ട്രെച്ചിന്റെ വിപുലീകരണത്തി നായി 25.05.2023-ന് EPC Modeകരാർ ഒപ്പിട്ടു. പ്രവൃത്തി 26.06.2023-ന് ആരംഭിച്ചു. |
| (സി) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ലഭ്യതക്കുറവും കരാർ പണികളുടെ റേറ്റ് ഉയർത്താത്തതും ബില്ലുകൾ മാറുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസവും പരിഹരിക്കുന്നതിന് | (സി) | അത്തരം വിഷയങ്ങളിൽ നിർവ്വഹണ ഏജൻസിയായ ദേശീയപാതാ അതോറിറ്റിക്കാണ് ചുമതല. സംസ്ഥാനത്ത് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | പ്രത്യേക യോഗം ചേരുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. |
| (ഡി) | കേരളത്തിലെ ഏതെല്ലാം ദേശീയ പാത പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) | പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടേയും കീഴിൽ വരുന്ന ദേശീയപാതകളിൽ പ്രവൃത്തികളൊന്നും തന്നെ മുടങ്ങി കിടക്കുന്നില്ല |

സെക്ഷൻ ഓഫീസർ